**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 3509 — 25.06.2012 - ൽ മറുപടി നൽകേണ്ടിയിരുന്നത്

## വല്ലാർപാടത്തെ സുരക്ഷ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) വല്ലാർപാടം പ്രത്യേക സാമ്പത്തിക മേഖലയിൽ നിന്ന് കസ്റ്റംസ് നിയന്ത്രണം നീക്കിയത് ആയുധമടക്കമുളളവയുടെ കളളക്കടത്തിന് വഴി വെയ്ക്കുന്നതിന് കാരണമാകുമോ;<br><br>(ബി) ഈ വിഷയത്തിൽ സർക്കാരിന്റെ അഭിപ്രായം വിശദമാക്കാമോ;<br><br>(സി) വല്ലാർപാടത്തെ സുരക്ഷ ശക്തിപ്പെടുത്തുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (എ) (ബി), & (സി) വല്ലാർപാടം പ്രത്യേക സാമ്പത്തിക മേഖലയിലെ സുരക്ഷ ചുമതല സി.ഐ.എസ്.എഫ് ന് ആണ്. എങ്കിലും തന്നെയും ഈ മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് പ്രത്യേക സാമ്പത്തിക മേഖലയ്ക്കു പുറത്തുളള വല്ലാർപാടം മേഖലയിൽ കൊച്ചി സിറ്റിയിലെ സ്പെഷ്യൽ ബ്രാഞ്ച് അടക്കമുളള പോലീസ് യൂണിറ്റുകളിൽ നിന്നും പ്രത്യേകമായ നിരീക്ഷണങ്ങൾ നടത്തി വരുന്നുണ്ട്. കൂടാതെ ഈ മേഖലയിൽ പോലീസ് പട്രോളിംഗ് ഊർജിതമാക്കിയിട്ടുണ്ട്. ഇതിനു പുറമെ കോസ്റ്റൽ പോലീസിന്റെ ബോട്ട് പട്രോളിംഗും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>വല്ലാർപാടത്തെ 'പ്രത്യേക സാമ്പത്തിക മേഖല' സംബന്ധിച്ച നിലവിലെ സുരക്ഷസംവിധാനത്തിൽ ഇളവുകളൊന്നും തന്നെയില്ല. എന്നാൽ വ്യാപാര മേഖലയിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. വല്ലാർപാടം കണ്ടെയിനർ ടെർമിനലിന്റെ കസ്റ്റംസ് നിയന്ത്രണം നീക്കിയിട്ടില്ല. ടെർമിനൽ ഗേറ്റിലൂടെയുളള കണ്ടെയ്നറുകളുടെ നീക്കങ്ങൾ കസ്റ്റംസ്നിയന്ത്രണത്തിലാണ്. സുരക്ഷ. |

സാമ്പത്തിക മേഖലകളിൽ 'പ്രത്യേക സാമ്പത്തിക മേഖല' യിലേയും കസ്റ്റംസിലേയും അധികാരികളുടെ പ്രവർത്തനങ്ങൾ വ്യത്യസ്തമല്ല. അന്തർദേശീയ കണ്ടെയിനർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ സുരക്ഷ കണക്കിലെടുത്ത് ടെർമിനലിലൂടെയുളള നിയമപരമല്ലാത്ത ചരക്കു നീക്കം പ്രോത്സാഹിപ്പിക്കുന്നില്ല. മാത്രമല്ല ടെർമിനലിലൂടെയുളള കപ്പൽ/ വെസ്സൽ ഗതാഗതം, ബർത്ത്, പോർട്ട് ക്ളിയറൻസ് എന്നിവയെല്ലാം കസ്റ്റംസ് ചട്ടങ്ങൾക്ക് വിധേയമായാണ് പ്രവർത്തിക്കുന്നത്. വളരെ ഫലപ്രദമായ സെക്യൂരിറ്റി സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ഒപ്പ്)
സെക്ഷൻ ഓഫീസർ